# ഉത്തമഗീതം

അവറാൻ മുതലാളി ഒരു പെൺകുട്ടിയോട് മോശമായി പെരുമാറി എന്നുപറഞ്ഞുകൊണ്ടുള്ള ഒരു കേസ് കോടതിയിൽ നടക്കുന്നു. റംമ്പാൻ കള്ളസാക്ഷി പറഞ്ഞ് അവറാൻ മുതലാളിയെ കേസിൽനിന്നും ഊരുന്നു. കള്ളസാക്ഷി പറഞ്ഞ് ഏത് കേസിൽനിന്നും പ്രതികളെ രക്ഷിക്കാൻ റംമ്പാനെ കഴിഞ്ഞെ വേറെ ഒരാൾ ഉള്ളൂ. പക്ഷേ ഈ കേസിന് കള്ളസാക്ഷി പറയാൻ വന്നതിന് റംമ്പാന് ഒറ്റ ലക്ഷ്യമേ ഉള്ളൂ. അവറാന്റെ പെങ്ങൾ ആനി. ആനിയും റംമ്പാനും തമ്മിൽ പ്രേമത്തിൽ ആണ്. അത് അവറാൻ എതിർക്കാതിരിക്കാനുള്ള ഒരു ഐഡിയ റംമ്പാൻ കോടതിയിൽ സാക്ഷി പറയുന്നതിന്റെ കൂടെ ചേർക്കും. അതുകൊണ്ട് തന്നെ റംമ്പാന് ആനിയെ കെട്ടിച്ചുകൊടുക്കാതിരിക്കാൻ അവറാന് പറ്റാതെയാകും... അങ്ങനെ അവറാൻ മനസ്സില്ലാ മനസ്സോടെ ആനിയെ റംമ്പാന് കെട്ടിച്ചുകൊടുക്കുന്നു. വലിയ കോടീശ്വരനായ അവറാൻ പക്ഷേ പത്തുപൈസ റംമ്പാനും ആനിയ്ക്കും കൊടുത്തില്ല. പെട്ടെന്ന് ഒരു ദിവസം അവറാൻ അറ്റാക്ക് വന്ന് മരിക്കുന്നു. മരിക്കുന്ന സമയത്ത് അവറാൻ ഒരു നല്ല കാര്യം ചെയ്തു എന്ന് നാട്ടുകാർ പറയുന്നു. കാരണം അവറാന്റെ സ്വത്തു മുഴുവൻ അനാഥാലയത്തിന് എഴുതിവച്ചിട്ടാണ് അവറാൻ മരിച്ചത്. ഇത് അവറാന്റെ ഉറ്റ സുഹൃത്തായ വക്കീലിനും റംമ്പാനും അത്ര ഇഷ്ടമായില്ല. റംമ്പാൻ ആ മലയോരപ്രദേശത്തെ തന്റെ കൊച്ചുവീടും സ്ഥലവും വിറ്റ് അവിടെ നിന്ന് മറ്റൊരു നാട്ടിലേക്ക് പോകുന്നു. മറ്റൊരു നാട്ടിൽ ചെന്നിട്ടും റംമ്പാന്റെ മെയിൻ പരിപാടി കള്ളസാക്ഷി പറയൽ ആണ്. ആദ്യമൊക്കെ ചെറുതായ് കുടിച്ചുകൊണ്ടിരുന്ന റംമ്പാൻ പിന്നെ പിന്നെ നല്ല ഒന്നാന്തരം കുടിയൻ ആയി മാറുന്നു. ഇതിനിടയിൽ റംമ്പാന് ഒരു മകൻ ജനിക്കുന്നു. ജൂഡ് റംമ്പാൻ. അങ്ങനെ ഇരിക്കെ റംമ്പാൻ ഒരു ബ്യൂഗിൾ വായിക്കുന്ന മാഷിനെ കള്ളസാക്ഷി പറഞ്ഞ് കേസിൽനിന്നും രക്ഷിക്കുന്നു. ആ മാഷ് അതിന്റെ സന്തോഷത്തിൽ ജൂഡിനൊരു ബ്യൂഗിൾ കൊടുക്കുന്നു. ജൂഡ് ബ്യൂഗിൾ വായിക്കാൻ പഠിക്കുന്നു.

അങ്ങനെ ജൂഡ് വലുതായ്. ജൂഡിന് ബ്യൂഗിൾ പോലീസ് ആയി ജോലി കിട്ടുന്നു. ബ്യൂഗിൾ സാറിന്റെ ഒപ്പമുള്ള എംപ്ലോയ്മെന്റ് ഓഫീസിലെ രജിസ്ട്രാർ വഴിയാണ് ജൂഡിന് മരണാനന്തര ചടങ്ങുകളിൽ ബ്യൂഗിൾ വായിക്കുന്ന പോലീസുകാരനായി ജോലി കിട്ടുന്നത്. ജൂഡ് ആണ് മദ്യപിക്കുന്നതിൽ റംമ്പാന്റെ കമ്പനി. അപ്പനും മകനും നന്നായി മദ്യപിക്കും. പക്ഷേ രണ്ടുപേരും റോഡിൽ കുടിച്ച് കിടക്കാനോ, ആരെങ്കിലും ആയിട്ട് വഴക്കിടാനോ നിൽക്കാറില്ല. രണ്ടുപേരും സ്വന്തം വീടിന്റെ

ടെറസിൽ ഇരുന്നേ കുടിക്കുകയുള്ളൂ. ജൂഡ് മരണാനന്തര ചടങ്ങിന് പോയാൽ ബ്യൂഗിൾ വായിച്ച് കഴിഞ്ഞാലും അവിടെ ചുറ്റിപ്പറ്റി നിൽക്കും. മദ്യം കിട്ടിയിട്ടേ പോരൂ. അധികം കഴിക്കില്ല. വൈകിട്ട് അപ്പന്റെ കൂടെ കമ്പനിയടിക്കാൻ ജൂഡ് എപ്പോഴും വയറ്റിൽ കുറച്ച് സ്ഥലം ബാക്കിവയ്ക്കും. ജൂഡിന് അമ്മച്ചി ആനിയെ ജീവനാണ്. പെണ്ണിനെ നന്നായി ബഹുമാനിക്കുന്ന ആളാണ് ജൂഡ്. പിന്നെയും ജൂഡിന് കുറച്ച് ശീലങ്ങൾ ഉണ്ട്. മദ്യപിച്ചാൽ പിന്നെ ബൈക്ക് ഓടിക്കില്ല. ബസിലേ യാത്ര ചെയ്യൂ. ബൈബിൾ വായിക്കാതെ കിടന്നുറങ്ങില്ല. ബൈബിളിലെ ഉത്തമഗീതം ജൂഡിന് പ്രിയ പ്പെട്ടതാണ്. മദ്യമാണ് മണവാട്ടി എന്ന് ജൂഡ് ബൈക്കിൽ എഴുതിയിട്ടുണ്ട്. പിന്നെ എത്രനേരം വൈകി വന്നാലും അമ്മ വിളമ്പിവച്ചേക്കണ ഭക്ഷണം കഴിച്ചേ ജൂഡ് കിടക്കാൻ പോകൂ. ഭക്ഷണം കഴിച്ച് കഴിഞ്ഞ് ബൈബിൾ വായിച്ച് അമ്മയും അച്ഛനും ഉറങ്ങിയോ എന്ന് ജൂഡ് നോക്കും. ഇതൊക്കെ ജൂഡിന്റെ ശീലങ്ങൾ ആണ്. ജൂഡിന്റെ മദ്യപാനം കാരണം ജൂഡിന്റെ കല്യാണം നടക്കുന്നില്ല. പ്രശ്നക്കാരനായതുകൊ ണ്ടല്ല നിഷ്കളങ്കനും നല്ലവനും ആയതുകൊണ്ട് പെണ്ണ് കാണാൻ ചെല്ലുമ്പോൾ പെണ്ണിന്റെ വീട്ടുകാരോട് നന്നായി മദ്യപിക്കും എന്ന് ജൂഡ് തുറന്നുപറയും. അതോടെ ആ ആലോചന മുടങ്ങും. അമ്മച്ചിയും ബ്രോക്കറും നന്നായി ശ്രമിക്കും. പക്ഷേ ജൂഡിന്റെ സത്യസന്ധത അത് മുടക്കും. ജൂഡിന് ചോര കണ്ടാൽ ഭയങ്കര വെപ്രാളം ആണ്. ചെറിയ മുറിവിലെ ചോര കണ്ടാൽ പോലും അത് വലിയ കാര്യമായി ജൂഡ് എടുക്കും. അങ്ങനെ ഇരിക്കെ ഒരുദിവസം ജൂഡ് ബസ്സിൽ പോകുമ്പോൾ ആണ് വഴിയിൽ സ്കൂട്ടിയിൽ ഒരു കാർ വന്ന് ഇടിക്കുന്നതും ഇടികൊണ്ട് ആ സ്കൂട്ടി മറിഞ്ഞ് വീഴുന്നതും ജൂഡ് കാണുന്നത്. ലൂസി എന്ന പെൺകുട്ടി ആയിരുന്നു സ്കൂട്ടി ഓടിച്ചിരുന്നത്. തെറ്റ് കാറിൽവന്ന പയ്യൻമാരുടെ ഭാഗത്ത് ആയിട്ടും അവർ ലൂസി യോട് ചൂടാകുന്നത് കണ്ട ജൂഡ് ബസ്സിൽ നിന്നും ഇറങ്ങി ചെന്ന് പയ്യൻമാരോട് ചൂടാകുന്നു. രംഗം വഷളായത് കണ്ട പയ്യന്മാർ കാശ് കൊടുത്ത് സ്ഥലം കാലിയാ ക്കുന്നു. പെട്ടെന്നാണ് ജൂഡ് ലൂസിയുടെ കൈപൊട്ടി ചോരവരുന്നത് കാണുന്നത്. ജൂഡിന് വെപ്രാളം ആകുന്നു. ജൂഡ് ലൂസിയെ നിർബന്ധിച്ച് ഹോസ്പിറ്റലിൽ കൊണ്ടുപോകുന്നു. ചെറിയ മുറിവാണെന്നും കുഴപ്പമില്ല എന്നും ലൂസിയ പറഞ്ഞിട്ടും ജൂഡ് കേട്ടില്ല. ഹോസ്പിറ്റലിൽ ചെന്ന് സ്വയം മുറിവ് ലൂസിയ കെട്ടുന്നത് കണ്ട പ്പോൾ ആണ് ലൂസിയ നഴ്സ് ആണെന്ന് ജൂഡിന് മനസിലാകുന്നത്. ജൂഡ് ചെറിയ ചമ്മലോടെ അവിടന്ന് പോരുന്നു. ലൂസിയയ്ക്ക് ജൂഡിന്റെ കെയർ നന്നായി ഇഷ്ട പ്പെടുന്നു.

അങ്ങനെ വെള്ളമടിയും തമാശകളും ആയി ജൂഡിന്റെയും കുടുംബത്തിന്റെയും നിമിഷങ്ങളിലൂടെ പോയിക്കൊണ്ടിരിക്കുമ്പോൾ ഒട്ടും പ്രതീക്ഷിക്കാതെ ജൂഡും ഫാമിലിയും ലൂസിയയുടെ വീട്ടിൽ പെണ്ണ് കാണാൻ ചെല്ലുന്നു. ലൂസിയയും അപ്പനും അമ്മയും പിന്നെ ഒരു കസിൻബ്രദറും ആണ് ആ വീട്ടിൽ ഉള്ളത്. ജൂഡ് അമ്മയ്ക്ക് വാക്ക് കൊടുത്തിരുന്നു. എല്ലാവരും കൂടെ ഇരിക്കുമ്പോൾ മദ്യപിക്കുന്ന കാര്യം ഇത്തവണ പറയില്ല എന്ന്. അതുകൊണ്ട് തന്നെ ജൂഡ് ലൂസിയയോട് തനിച്ച് സംസാരിക്കണം എന്ന് പറഞ്ഞ് പുറത്തുപോയി മാറി നിന്ന് ജൂഡ് ലൂസിയോട് സംസാരിക്കുന്നു. ജൂഡിന് ഒരു പ്രണയം ഉണ്ടായിരുന്നു. ആ പെൺകുട്ടി കോളേജിൽ പഠിക്കുമ്പോൾ ജൂഡിന്റെ മുന്നിൽ ഇരുന്ന് സംസാരിക്കുമ്പോൾ മൂക്കിൽ നിന്ന് ചോര വരുന്നത് ജൂഡ് കണ്ടു. അന്ന് ഹോസ്പിറ്റലിൽ കൊണ്ടുപോയ ആ പെൺകുട്ടിയെ ജൂഡ് പിന്നെ ജീവനോടെ കണ്ടിട്ടില്ല. ക്യാൻസർ ലാസ്റ്റ് സ്റ്റേജ് ആയിരുന്നു. അതിൽ പിന്നെയാണ് ജൂഡിന് ചോര കണ്ട പേടിയും അത് മാറാനായ് മദ്യപാനവും ജൂഡ് തുടങ്ങിയത്. അതുകൊണ്ട് തന്നെ ജൂഡ് ഒരു പെണ്ണ് കെട്ടിയാൽ ജൂഡിന്റെ ഈ കുഴപ്പമൊക്കെ മാറുമെന്ന് ജൂഡിന്റെ അമ്മച്ചി വിചാരിക്കുന്നു. അതുകൊണ്ടാണ് പെണ്ണ് കെട്ടിക്കാൻ ധൃതിയായി ഇങ്ങനെ അമ്മച്ചി കൊണ്ടുനടക്കുന്നത്. ഇതെല്ലാം കേട്ട ശേഷം ലൂസിയയ്ക്ക് ജൂഡിനോട് ചെറിയ ഒരു താത്പര്യം തോന്നുന്നു. അന്ന് റോഡിൽ ഷോ കാണിച്ചതല്ല ജൂഡിന്റെ ക്യാരക്ടർ സത്യസന്ധത നിറഞ്ഞതാണെന്ന് ലൂസി മനസിലാക്കുന്നു. ജൂഡും ഫാമിലിയും ലൂസിയുടെ വീട്ടിൽനിന്നും പോകുന്നു.

ജൂഡ് എല്ലാം ലൂസിയോട് തുറന്ന് പറഞ്ഞത് കൊണ്ട് ഈ കല്യാണം നടക്കുമെന്ന് ജൂഡിന് പ്രതീക്ഷ ഉണ്ടായില്ല. പക്ഷേ ജൂഡിന്റെ അമ്മച്ചി നല്ല പ്രതീക്ഷയിൽ ആയിരുന്നു. അമ്മച്ചിയുടെ പ്രതീക്ഷപോലെ തന്നെ പെണ്ണിന്റെ വീട്ടുകാര് കല്യാണത്തിന് സമ്മതിക്കുന്നു. ജൂഡ് അതിനുശേഷം ആണ് ബ്രോക്കർ തന്ന പെണ്ണിന്റെ ഫോട്ടോ ഇഷ്ടത്തോടെ നോക്കുന്നത്. കല്യാണം ഉറപ്പിച്ചാൽ കുടി നിർത്താനായ് ധ്യാനം കൂടാൻ പോകാമെന്ന് ജൂഡ് അമ്മച്ചിക്ക് വാക്ക് കൊടുത്തിരുന്നു. അതിനാൽ തന്നെ ജൂഡ് ധ്യാനം കൂടാൻ പോകുന്നു. ഇത് ജൂഡിന്റെ അപ്പൻ റംബാന് സഹിക്കാൻ പറ്റില്ലായിരുന്നു. ജൂഡാണ് റംബാന്റെ ഗ്ലാസ്മേറ്റ്. ജൂഡ് മദ്യപാനം നിർത്തിയാൽ റംബാൻ വീട്ടിൽ ഒറ്റയ്ക്ക് ഇരുന്ന് കഴിക്കേണ്ടിവരും എന്നോർത്താണ് റംബാന്റെ സങ്കടം. ജൂഡ് ഇത് വെറുതെ അമ്മച്ചിയെ ബോധിപ്പിക്കാൻ പോണത് ആണ് എന്ന് പറഞ്ഞ് അപ്പനെ സമാധാനിപ്പിച്ചാണ് ധ്യാനം കൂടാൻ പോകുന്നത്. ധ്യാനത്തിന് ചെന്ന ജൂഡ് അവസാനദിവസം ഒരു കൊച്ചച്ചന്റെ പ്രസംഗം കേട്ട് കുടി നിർത്താൻ തീരുമാനിക്കുന്നു. കൊച്ചച്ചൻ സന്തോഷമുള്ള ഏതേലും ദിവസം

നിങ്ങൾക്ക് ഓർമ്മയുണ്ടോ എന്ന് ചോദിക്കുമ്പോൾ എല്ലാവരും മിണ്ടാതെ ഇരിക്കുന്നത് ജൂഡ് ശ്രദ്ധിക്കുന്നു. ശരിയാണ് സന്തോഷം വന്നാലും സങ്കടം വന്നാലും മദ്യപിക്കുന്നു. അതുകൊണ്ടുതന്നെ ഫീലിംഗ്സുകൾ ഇല്ലാതെയാണ് ജീവിക്കുന്നത് എന്ന് ജൂഡിന് മനസിലാകുന്നു. അങ്ങനെയാണ് ജൂഡ് മദ്യപാനം നിർത്തുന്നത്. ഇത് റംമ്പാന്റെ ചങ്ക് തകർക്കുന്നു. അങ്ങനെ ജൂഡിന്റെയും ലൂസിയുടെയും കല്യാണം നടക്കുന്നു. കല്യാണത്തിനുശേഷം വിരുന്നിന് ജൂഡ് ലൂസിയയുടെ വീട്ടിലേക്ക് പോകുന്നു. ജൂഡ് മദ്യപിക്കുന്നത് അറിഞ്ഞതുകൊണ്ട് ലൂസിയയുടെ അപ്പനും കസിൻബ്രദറിനും സന്തോഷം ആയിരുന്നു. ലൂസിയയുടെ അപ്പനും നന്നായി കുടിക്കും. പക്ഷേ ജൂഡ് മദ്യപാനം നിർത്തിയെന്ന് അറിഞ്ഞ ലൂസിയയുടെ അപ്പന് സങ്കടം ആകുന്നു. പക്ഷേ അവർ മദ്യപിക്കാൻ ജൂഡിനെ നിർബന്ധിക്കുന്നു. ലൂസിയും കുറച്ച് കുടിച്ചോളാൻ ജൂഡിനോട് പറയുന്നു. അങ്ങനെ എല്ലാവരുടെയും നിർബന്ധത്തിൽ കുറച്ച് ദിവസങ്ങൾക്കുശേഷം ജൂഡ് പിന്നെയും മദ്യപിക്കുന്നു. കുടിച്ച് ഒരു കുപ്പി തീർക്കുന്ന ജൂഡ് ഓടി ടെറസിന്റെ മുകളിൽ കയറുന്നു. ജൂഡ് വയലന്റായതുകണ്ട് ലൂസിയ അപ്പനെയും അനിയനെയും ചീത്തപറഞ്ഞ് ജൂഡിനെ പിടിച്ച് മുറിയിൽ കൊണ്ടുപോയി കിടത്തുന്നു. പിറ്റേന്ന് ജൂഡിന്റെ വീട്ടിൽ അവർ തിരിച്ചെത്തുന്നു. റംമ്പാൻ ലൂസിയയോട് ബഹുമാനം കാണിക്കുന്നു. മകനെ തിരിച്ചുതന്നതിന്റെ നന്ദി കാണിക്കുന്നു. പക്ഷേ ജൂഡിന്റെ അമ്മച്ചിക്ക് സങ്കടം ആകുന്നു. ലൂസി അമ്മച്ചിയോട് മാപ്പ് പറയുന്നു. ഒരു ഹണിമൂൺ ട്രിപ്പിന് പോകുന്നു. അതുകഴിഞ്ഞ് വരുമ്പോൾ മദ്യം കൈകൊണ്ട് തൊടാത്ത ജൂഡിനെ തിരിച്ചുതരും എന്ന് ലൂസി അമ്മച്ചിക്ക് വാക്ക് കൊടുക്കുന്നു.

ഹണിമൂൺ ട്രിപ്പിന് പോകുന്ന തലേദിവസം ജൂഡും റംമ്പാനും ലൂസിയയുടെ കസിൻബ്രദറും ടെറസ്സിന്റെ മുകളിൽ മദ്യപിക്കുന്നു. അധികം ഫിറ്റാകാതെ ലൂസിയയ്ക്ക് കൊടുത്ത വാക്കിന്റെ പേരിൽ ജൂഡ് റൂമിലോട്ട് പോകുന്നു. ലൂസിയും ജൂഡും റൂമിൽ റൊമാൻസ് ആകുമ്പോൾ റൂമിന്റെ ജനലിന്റെ അവിടെ ലൂസി ആരെയോ കാണുന്നു. എല്ലാവരും വാതിൽ തുറന്ന് പുറത്ത് വന്ന് നോക്കുമ്പോൾ ആരെയും കാണുന്നില്ല. വാതിലടച്ച് അകത്തേക്ക് എല്ലാവരും പോകുന്നു. അപ്പോ ആരോ ഗെയ്റ്റിന്റെ അവിടെ നിന്ന് നടന്ന് നീങ്ങുന്നു.

അങ്ങനെ പിറ്റേന്ന് ജൂഡ് കൂട്ടുകാരന്റെ കാറിൽ ഹണിമൂണിന് പോകുന്നു. യാത്ര തിരിച്ച് ചെക്ക്പോസ്റ്റിൽ ചെക്കിങ്ങിന് കിടക്കുമ്പോൾ വണ്ടിയുടെ ബുക്കും പേപ്പറും ശരിയല്ലേ എന്ന് അറിയാൻ കൂട്ടുകാരനെ വിളിച്ച ജൂഡ് ഞെട്ടുന്നു. കൂട്ടുകാർ സർപ്രൈസ് ആയി കാറിന്റെ ഡിക്കിയിൽ മദ്യം വച്ചിട്ടുണ്ട് എന്ന് പറയുന്നു.

ഈ സമയത്ത് തന്നെ റംസാനും വിളിക്കുന്നു. റംസാനും ഒന്ന് രണ്ട് കുപ്പി കാറിന്റെ ഡിക്കിയിൽ വച്ചിട്ടുണ്ട് എന്ന് ജൂഡിനോട് പറയുന്നു. ജൂഡിന് പെട്ടു എന്ന് മനസിലായി. പോലീസ് ചെക്ക് ചെയ്യുമ്പോൾ ഡിക്കിയിൽ നിന്ന് മദ്യം പൊക്കി കാണിക്കുന്നു. ജൂഡ് പോലീസ് കാർഡ് കാണിച്ച് തല ഊരുന്നു. പക്ഷേ ലൂസിയുടെ മുഖത്ത് ദേഷ്യം കണ്ട ജൂഡ് ആ മദ്യം മുഴുവൻ ആ പോലിസുകാർക്ക് കൊടുത്ത് അവിടന്ന് പോകുന്നു. ഹോട്ടലിൽ എത്തിയ ജൂഡിനോട് മിണ്ടാതെ ദേഷ്യത്തിൽ ലൂസിയ കാറിൽ നിന്ന് ഇറങ്ങിപ്പോകുന്നു. ജൂഡ് അപ്പനെ വിളിച്ചു ചൂടാകുന്നു. അപ്പനോട് അത്രയും നല്ല മദ്യം കളഞ്ഞില്ലേ എന്നുള്ള സങ്കടവും ജൂഡ് പറയുന്നു. അപ്പോ റംസാൻ പറയുന്നു. സ്പെഷ്യൽ ഒരു ഐറ്റം സീറ്റിന്റെ അടിയിൽ വച്ചിട്ടുണ്ട് എന്ന്. ജൂഡ് തെറിപറഞ്ഞ് ഫോൺ വയ്ക്കുന്നു. നടക്കാൻ ഒരുങ്ങുന്ന ജൂഡിന്റെ മനസ് ജൂഡിനെ പിടിച്ച് നിർത്തുന്നു. ജൂഡ് സീറ്റിന്റെ അടിയിൽനിന്ന് ആ സ്പെഷ്യൽ മദ്യം എടുത്ത് ഒരു വായ കുടിക്കുന്നു. അത് അവിടെ തന്നെ വച്ച് ജൂഡ് അകത്തേക്ക് പോകുന്നു. ഈ സമയത്ത് അന്ന് ലൂസിയയുടെ സ്കൂട്ടിയിൽ വന്ന് ഇടിച്ച ആ രണ്ടു പയ്യന്മാർ ജൂഡിന്റെ ഓപ്പോസിറ്റ് നടന്നുവരുന്നത് ജൂഡ് കാണുന്നു. ജൂഡിന് അവരെ മനസ്സിലായില്ല. അവർ ജൂഡിനെ ഗൗരവത്തിൽ നോക്കി പോകുന്നു. ജൂഡ് റൂമിലേക്ക് പോകുന്നു. റൂമിൽ ചെന്ന ജൂഡ് ലൂസിയോട് സംസാരിക്കുന്നു. ജൂഡിന്റെ വായിൽനിന്ന് മദ്യത്തിന്റെ മണം കിട്ടിയ ലൂസിയ ദേഷ്യപ്പെടുന്നു. ദേഷ്യം വല്ലാതെ കൂടുമ്പോൾ ലൂസിയ ജൂഡിന്റെ അപ്പനെ പറയുന്നു. അതു കേട്ട് ദേഷ്യം വന്ന ജൂഡ് ലൂസിയെ പിടിച്ച് തള്ളുന്നു. ലൂസിയ വീഴുന്നു. ജൂഡ് പുറത്തേക്ക് പോകുന്നു. കാറിൽനിന്നും മദ്യം എടുക്കുന്ന ജൂഡ് ആ ഹോട്ടലിലെ ഒരു ജോലിക്കാരന്റെ കൂടെ ഇരുന്ന് മദ്യപിക്കുന്നു. അത് കഴിയുമ്പോൾ ജൂഡ് പൈസ കൊടുത്ത് ജോലിക്കാരനെ കൊണ്ട് പിന്നെയും വാങ്ങിപ്പിച്ച് കുടിക്കുന്നു. കുറച്ച് ഫിറ്റായ ജൂഡ് ഹോട്ടലിന്റെ ടെറസ്സിന്റെ മുകളിൽ കയറി നിൽക്കുന്നു. ഇതു കണ്ട ഹോട്ടൽ മാനേജർ ജൂഡിന്റെ ഭാര്യയെ വിളിക്കാൻ റൂമിലേക്ക് ചെല്ലുന്നു. റൂമിൽ ചെന്ന മാനേജർ ഞെട്ടുന്നു. ലൂസിയ മരിച്ചുകിടക്കുന്നു. തലയിൽനിന്നും രക്തം നിലത്ത് ഒഴുകി കിടക്കുന്നു.

കോടതിയിൽ പ്രതികൂട്ടിൽ ജൂഡ് നിൽക്കുന്നു. ജൂഡിന്റെ അപ്പൻ റംസാൻ കള്ളസാക്ഷി പറഞ്ഞ് പത്ത് ദിവസത്തെ ജാമ്യത്തിൽ ജൂഡിനെ ഇറക്കുന്നു. പത്ത് ദിവസത്തിനുള്ളിൽ ജൂഡ് നിരപരാധിയാണ് എന്ന് തെളിഞ്ഞില്ലെങ്കിൽ ജൂഡ് ശിക്ഷിക്കപ്പെടും. കേസ് അന്വേഷിക്കാൻ ഒരു പോലീസുകാരനെയും കോടതി ഏർപ്പാടാക്കുന്നു. സാക്ഷിപറഞ്ഞ് ഇറക്കിയെങ്കിലും ജൂഡിനെ വീട്ടിൽ കയറ്റാതെ റംസാൻ

ഇറക്കിവിടുന്നു. ജൂഡ് ബാറിൽ പോയി ഇരുന്ന് കുടിക്കുന്നു. ലൂസിയുടെ കല്ലറയിൽ പോയി പൊട്ടിക്കരയുന്നു. ജൂഡ് കുമ്പസരിക്കുന്നു. ജുഡ് ലൂസിയയെ കൊന്നിട്ടില്ല എന്ന് ജൂഡ് അച്ചനോട് പറഞ്ഞ് പൊട്ടിക്കരയുന്നു. തള്ളിയിട്ടത് വരെയുള്ള കാര്യങ്ങൾ ജൂഡിന് ഓർമ്മ ഉണ്ട്. പക്ഷേ അത് തെളിയിക്കാൻ ജൂഡിന്റെ കൈയിൽ തെളിവുകൾ ഇല്ല. ദിവസങ്ങൾ പോകുന്നു. ജൂഡ് മദ്യപിച്ച് സ്വയം നശിക്കാൻ നോക്കുന്നു. ജൂഡിന്റെ കൂട്ടുകാരൻ ക്ലിന്റ് ജൂഡിനോട് ദേഷ്യപ്പെടുന്നു. നീയും കാക്കി തന്നെയാണ് ഇട്ടിരിക്കുന്നത്. ഭാര്യയോട് സ്നേഹം ഉണ്ടെങ്കിൽ ആരാണ് കൊന്നത് എന്ന് കണ്ടുപിടിക്കാൻ ഇറങ്ങിയേനെ. പക്ഷേ നീ കുടിച്ച് നശിക്കുന്നു എന്നു പറഞ്ഞ് കൂട്ടുകാരൻ ജൂഡിനെ കുറ്റപ്പെടുത്തിക്കൊണ്ടിരിക്കുന്നു. അതുകേട്ട ജൂഡ് കൂട്ടുകാരനോട് കാർ ഒന്ന് കൂടെ ചോദിക്കുന്നു. ഹണിമൂണിന് പോയ യാത്ര ജൂഡ് ഒന്ന് കൂടെ പോകുന്നു. ആരാണ് ലൂസിയെ കൊന്നത് എന്ന് അറിയാൻ ജൂഡ് ഇറങ്ങി പുറപ്പെടുന്നു. ജൂഡിന്റെ മുന്നിൽ വിരലിൽ എണ്ണാവുന്ന ദിവസങ്ങൾ ആണ് ഉള്ളത്. ഒരു ഉറുമ്പിനെപ്പോലും നോവിക്കാത്ത ആളാണ് ജൂഡ്. മനസ്സിൽ ഒരുപാട് നന്മയുള്ള വ്യക്തി. ആ ജൂഡ് ജീവന് തുല്യം സ്നേഹിക്കുന്ന ഭാര്യയെ കൊന്നു എന്ന് പറയുന്ന കുറ്റവാളിയായ് മാറിയിരിക്കുകയാണ്. ജൂഡ് നിരപരാധിത്വം തെളിയിച്ച് ഭാര്യയെ കൊന്ന ആളെ കണ്ടുപിടിക്കുന്ന കളിയാണ് തുടർന്ന്.